# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-EKM(P14)1288/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 14/12/2021
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-EKM(P14)1288/2021 തീയ്യതി: 14/12/2021

## എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഷാജിമോൻ കെ.എ) | ഡെപ്യൂട്ടി ഡയറക്ടർ | 08-09-2021 | 22-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 22-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ഷൈജു മാത്യൂ,ഓഡിറ്റ് ഓഫീസർ
ശ്രീമതി. ശ്രീജ ഉണ്ണികൃഷ്ണൻ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി. ബബിത ബി കുമാർ,സീ.ഗ്രേ.ഓഡിറ്റർ
ശ്രീ.ടിനു കെ.ജെ,ഓഡിറ്റർ

ശ്രീ.അനീഷ ടി.എ)സ,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പി.കെ മൊയ്തു | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| രാജു പി.എൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2019 | 24-04-2019 |
| എം.എം ഷംസുദീൻ | സെക്രട്ടറി | 25-04-2019 | 14-07-2019 |
| എസ്.വി സുധാദേവി | സെക്രട്ടറി | 15-07-2019 | 20-01-2020 |
| കെ.സി ജയൻ | സെക്രട്ടറി | 21-01-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. വി. ആർ. മനോജ് | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ റിഫിൻ കെ ജോൺ | അസിസ്റ്റൻറ് എൻജിനീയർ | 01-04-2019 | 31-01-2020 |
| ശ്രീമതി നസിയ പി എം | അസിസ്റ്റൻറ് എൻജിനീയർ | 01-02-2020 | 31-03-2020 |
| ശ്രീമതി ജാസ്മിൻ തോമസ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ റസീന കരീം | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ഡോ ആശിഷ് ബാലകൃഷ്ണൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ കെ പി ആനന്ദ് | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ കെ പി സുധാരത്നം | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 31-03-2020 |
| റഷീദ വി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ജോമിറ്റ് തോമസ് | വി ഇ ഒ. അടിവാട് | 01-04-2019 | 14-05-2019 |

| | | | |
|---|---|---|---|
| ശ്രീ ജുനൈദ് ടി എസ് | വി ഇ ഒ. അടിവാട് | 15-05-2019 | 31-03-2020 |
| ശ്രീ ജോമീറ്റ് തോമസ് | വി ഇ ഒ പല്ലാരിമംഗലം | 01-04-2019 | 14-05-2019 |
| ശ്രീ.ജുനൈദ് ടി എസ് | വി ഇ ഒ. പല്ലാരിമംഗലം | 15-05-2019 | 27-11-2019 |
| ശ്രീമതി രാജി കെ എസ് | വി ഇ ഒ. പല്ലാരിമംഗലം | 28-11-2019 | 31-03-2020 |
| ശ്രീ. എം എ വത്സലൻ | ഹെഡ്മാസ്റ്റർ ഗവ. എൽ പി എസ് | 01-04-2019 | 31-03-2020 |
| എലിസബത്ത് സി ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 02-08-2019 |
| കല്യാണി സജിത്ത് | ഡയറി ഫാം ഇൻസ്ട്രക്ടർ | 03-08-2019 | 20-11-2020 |
| എലിസബത്ത് സി ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 21-11-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Aneesh T S (Auditor, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-2-1 |
| 4 | സാമ്പത്തികവിശകലനം<br>Written By: Shaiju Mathew (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-12-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-12-2021) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Shaiju Mathew (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-5 |
| 7 | ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി<br>Written By: Shaiju Mathew (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Aneesh T S (Auditor, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: TINU K.J. (Auditor, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: Shaiju Mathew (Audit Officer, On 21-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Aneesh T S (Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-10 |
| 12 | ഗ്രാമസഭ<br>Written By: Shaiju Mathew (Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 07-12-2021) | 1-11 |
| 13 | വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-12 |
| 14 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് -അപാകതകൾ<br>Written By: Aneesh T S (Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-13 |
| 15 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: TINU K.J. (Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-12-2021) | 1-14 |
| 16 | സ്വകാര്യ ആശുപത്രികൾ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ-രജിസ്ട്രഷൻ/ലൈസൻസ് പുതുക്കിയില്ല<br>Written By: Aneesh T S (Auditor, On 20-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 07-12-2021) | 1-15 |
| 17 | | 1-16 |

| | | |
|---|---|---|
| | ലൈഫ് - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | |
| 18 | വീട് വാസയോഗ്യമാക്കൽ - അനുവദിക്കുന്ന തുക അപര്യാപ്തം<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 06-12-2021) | 1-17 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ നടപടികളില്ല<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-18 |
| 20 | ചെലവിന്റെ കൃത്യത വ്യക്തമല്ല<br>Written By: Babitha B Kumar (Senior Grade Auditor, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-19 |
| 21 | തെരുവു വിളക്ക് വൈദ്യുതി ചാർജ് കണക്കാക്കുന്നതിൽ അപാകത<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-20 |
| 22 | തെരുവ് വിളക്ക് മെയിന്റനൻസ്-തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം വ്യക്തമല്ലാത്തതിനാൽ അധിക ചെലവ്<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-12-2021) | 1-21 |
| 23 | വെളിയംകുന്ന് എസ്.സി.ഹാൾ -വൈദ്യുതി കണക്ഷൻ എടുത്തില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-22 |
| 24 | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 22-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-23 |
| 25 | ബഡ്സ് സ്കൂൾ -കണക്ക് സൂക്ഷിപ്പും പ്രവർത്തനങ്ങൾക്ക് അധിക വിഭവ സ്രോതസ് കണ്ടെത്തലും<br>Written By: Sreeja Unnikrishnan (Asst. Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-24 |
| 26 | പൈമറ്റം യു പി സ്കൂളിന് ടോയ്ലറ്റ് നിർമ്മാണം.-അപാകങ്ങൾ<br>Written By: Shaiju Mathew (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 07-12-2021) | 1-25 |
| 27 | കൺവീനർ പ്രവർത്തിക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും നൽകി-അധികതുക തിരികെ ഈടാക്കേണ്ടതാണ്.<br>Written By: Shaiju Mathew (Audit Officer, On 23-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-12-2021) | 1-26 |
| 28 | ഓഡിറ്റ് ഇംപാക്ട്<br>Written By: TINU K.J. (Auditor, On 19-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 1-27 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |

| | | |
|---|---|---|
| | Written By: Aneesh T S (Auditor, On 17-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | |
| 2 | സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Aneesh T S (Auditor, On 12-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Aneesh T S (Auditor, On 17-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Aneesh T S (Auditor, On 12-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Aneesh T S (Auditor, On 12-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപം<br>Written By: Aneesh T S (Auditor, On 12-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Aneesh T S (Auditor, On 16-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Aneesh T S (Auditor, On 12-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Aneesh T S (Auditor, On 12-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Aneesh T S (Auditor, On 17-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 03-12-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Aneesh T S (Auditor, On 11-09-2021)<br>Last Updated By: Sheelamma P.B (Computer Assistant, On 25-11-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 21.02.2019 ലെ 1/53-ാം നമ്പർ തീരുമാനമനുസരിച്ചും, പുതുക്കിയ ബജറ്റ് ഭരണസമിതിയുടെ 29.02.2020 ലെ 31/20-ാം നമ്പർ തീരുമാനമനുസരിച്ചും താഴെ ചേർക്കുന്ന രീതിയിൽ പാസ്സാക്കിയിട്ടുണ്ട്.

| | |
|---|---|
| മുന്നിരുപ്പ് | 9,34,488 |
| വരവ് | 9,47,55,224 |
| ആകെ | 9,56,89,712 |
| ചെലവ് | 9,47,24,325 |
| നീക്കിയിരുപ്പ് | 9,65,387 |

**ബജറ്റ് എസ്റ്റിമേറ്റ്-യഥാർത്ഥ വരവ് ചെലവുകളുമായി അന്തരം**

കേരള പഞ്ചായത്ത് രാജ് വകുപ്പ് 214(3) പ്രകാരം ബജറ്റിൽ പ്രതീക്ഷിക്കുന്ന വരവ് യഥാർത്ഥവും കൃത്യവുമായിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നും കാര്യമായ വ്യത്യാസം ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിശദമായ കുറിപ്പോടുകൂടിയുള്ള വിശദീകരണം ബജറ്റിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ യഥാർത്ഥ്യവുമായി വലിയ അന്തരമുണ്ടെങ്കിലും വിശദീകരണകുറിപ്പ് ലഭ്യമല്ല.

| | |
|---|---|
| 2019-20 ബജറ്റ് പ്രതീക്ഷിത വരവ് | 9,47,55,224 |
| യഥാർത്ഥ വരവ് | 3,79,78,108 |
| വ്യത്യാസം | 5,67,77,116 |

**പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ്-തയ്യാറാക്കിയിട്ടില്ല.**

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 02.12.2016 ലെ ജി.ഒ.(ആർ.ടി.)3291/2016 നമ്പരായി പ്രസിദ്ധീകരിച്ച ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വലിലെ ഖണ്ഡിക 3.1.4, 3.1.5 എന്നിവ പ്രകാരം തയ്യാറാക്കേണ്ട പെർഫോമൻസ് ബജറ്റ്, ജെന്റർ ബജറ്റ് എന്നിവതയ്യാറാക്കിയിട്ടില്ല.

**ബജറ്റിന്റെ അവലോകനം നടത്തുന്നില്ല.**

ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയിട്ടില്ല. കൂടാതെ, വർഷാവസാനം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബജറ്റിന്റെ വാർഷിക അവലോകനവും (ഖണ്ഡിക 4.5) നടത്തിയതായി രേഖപ്പെടുത്തലില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.20 | 30.05.20 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1.വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി വാർഷിക ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. സ.ഉ.(എം.എസ്.)152/2011/തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.ആസ്തികൾ രേഖപ്പെടുത്തുന്ന സചിത്ര സോഫ്റ്റ്‌വെയർ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. ആസ്തികളുടെ അക്കൗണ്ടിംഗ് പൂർത്തിയാക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

3. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6985036 |
| തൻവർഷം വരവ് | 37978108 |
| ആകെ | 44963144 |
| ചെലവ് | 39489507 |
| നീക്കിബാക്കി | 5473637 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 6674068 | 6674068 | 6458340 | | 215728 |
| വികസന ഫണ്ട് (SCP) | 0 | 1245588 | 1245588 | 1063955 | | 181633 |
| വികസനഫണ്ട് (TSP) | 0 | 72000 | 72000 | 0 | | 72000 |
| ധനകാര്യ കമ്മീഷൻ അവാര്ഡ് | 0 | 5509358 | 5509358 | 2681876 | | 2827482 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11918000 | 11918000 | 4215587 | | 7702413 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3251000 | 3251000 | 2044938 | | 1206062 |
| ദുരിതാശ്വാസ നിധി | 6878 | 8341 [6] | 14978 | 10500 | 4719 | |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| NREGS Admin 320100101 | 461 | 659198 [7] | 659659 | 659262 | 397 | |
| NREGS തൊഴിലാളികളുടെ കൂലി | | 9776344 | 9776344 | 7331889 | 0 | |
| NREGS Capital Contribution | | | | 2444455 | 0 | |
| Sarva Siksha Abhiyan 320100116 | 9874 | 0 | 9874 | 0 | 9874 | |
| ICDS- 320100121 | 409900 | 877576 | 1287476 | 1147651 | 139825 | |
| PYCKA 320100126 | 1100 | 0 | 1100 | 0 | 1100 | |
| Solid Waste Management 320100203 | 820000 | 0 | 820000 | 675890 | 144110 | |
| NPRPD 320100127 | 565243 | 260274 | 825517 | 237438 | 588079 | |
| **സംസ്ഥാനാവിഷ്കൃതഫണ്ട്** | | | | | | |
| ലൈഫ് (Capital Expenditure)320700104 | 0 | 139909 | 139909 | 0 | 139909 | |
| 320200205 ബഡ്സ് സ്കൂൾ | 1500000 | 0 | 1500000 | 0 | 1500000 | |
| 320200322 ശുചിത്വ മിഷൻ ഫണ്ട് | 136250 | 0 | 136250 | 130000 | 6250 | |
| വിമുക്തി 320300199 | 32050 | 3000 | 35050 | 3000 | 32050 | |
| MLA Fund 320200316 | 15237 | 0 | 15237 | 0 | 15237 | |
| ലൈഫ് സംസ്ഥാന വിഹിതം 320200399 | 0 | 1435000 | 1435000 | 1435000 | 0 | |
| NABARD 320400101 | 0 | 418798 | 418798 | 418798 | 0 | |
| കടിവെള്ളം 320200317 | 0 | 20000 | 20000 | 0 | 20000 | |
| ശ്മശാനം 320200318 | 0 | 100000 | 100000 | 0 | 100000 | |
| സാക്ഷരത 320200309 | 9426 | 53683 | 63109 | 63082 | 27 | |
| സമ്പൂർണ്ണ ശുചിത്വം 320300103 | 228800 | 0 | 228800 | 39995 | 188805 | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | |

| | | | | | |
|---|---|---|---|---|---|
| 320800101 ഗുണഭോക്തൃ വിഹിതം | 0 | 595700 | 595700 | 576800 | 18900 |
| 320700204 Joint Venture – Block Panchayat- Revenue Expenditure | 0 | 150212 | 150212 | 90000 | 60212 |
| 320700205 Joint Venture – District Panchayat- Revenue Expenditure | 0 | 0 | 0 | 0 | 0 |

1 –വികസനഫണ്ട് (ജനറൽ) G O പ്രൊജക്ടുകളുടെ ചെലവ്, 131366 /- Capital Contribution

2 – വികസനഫണ്ട് (SCP) 29412 /- G O പ്രൊജക്ടുകളുടെ ചെലവ്

3 –ധനകാര്യകമ്മീഷൻ അവാർഡ് 883196 / - Capital Contribution

4 –സംരക്ഷണ ഗ്രാന്റ് (റോഡ്) 565007 /- Capital Contribution

5 –സംരക്ഷണ ഗ്രാന്റ് (റോഡിതരം) ICS 591207 /- Capital Contribution

6 – ദുരിതാശ്വാസനിധി 241 /- പലിശ AFS ൽ വരവിൽ ഉൾപ്പെടുത്തിയിട്ടില്ല .

7 – NREGS ഭരണച്ചെലവ് പലിശ വരവ് 631 /- ഉൾപ്പെടെ

## 1-5 പദ്ധതി അവലോകനം

| വർഷം | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത്-എണ്ണം | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയത്-എണ്ണം | നടപ്പിലാക്കാത്തവ-എണ്ണം | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2019-20 | 151 | 64655937 | 94 | 28544129 | 47 | 10 | 62.25 |

എല്ലാ സ്റ്റാൻഡിംഗ് കമ്മറ്റികളും ചട്ടപ്രകാരം യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി എല്ലാ മാസവും വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുകയും ഗ്രാമപഞ്ചായത്തിന്റെ പൊതു സാമ്പത്തീക സ്ഥിതി വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ പ്രധാനമായും പെൻഷൻ അപേക്ഷകൾ പരിഗണിക്കുന്നതിൽമാത്രം ഒതുങ്ങുകയാണ് ചെയ്തിരിക്കുന്നത്. ആരോഗ്യവിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റി ബന്ധപ്പെട്ട മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഹരിതകർമ്മസേന, പാലിയേറ്റീവ് കെയർ, മഴക്കാല പൂർവ്വശുചീകരണ പ്രവർത്തികൾ എന്നിവ വിലയിരുത്തിയതായി മിനുട്സുകളിൽനിന്നും വ്യക്തമാവുന്നു. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി വാർഷീക പദ്ധതികൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഒരു സ്റ്റാൻഡിംഗ് കമ്മറ്റിയിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം വിലയിരുത്തപ്പെട്ടിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ./വികസന സെമിനാർ

ഗ്രാമപഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകളാണ് രൂപീകരിച്ചിരിക്കുന്നത്. പദ്ധതി ആസൂത്രണത്തിലും നടത്തിപ്പ് വിലയിരുത്തലിലും വർക്കിംഗ് ഗ്രൂപ്പുകൾക്ക് വളരെ പ്രധാനപ്പെട്ട സ്ഥാനമാണുള്ളതെങ്കിലും വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം അത്തരത്തിൽ നടന്നതായി മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാകുന്നില്ല. പദ്ധതി മാർഗ്ഗരേഖപ്രകാരം പദ്ധതി രൂപകരണത്തിലെ ചുമതലകൾ കഴിഞ്ഞാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുണ്ട്. എന്നാൽ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം പദ്ധതി രൂപീകരണത്തിനായി ചേരുന്ന യോഗത്തോടെ അവസാനിക്കുന്നതായാണ് കാണുന്നത്. (2019-20 വർഷത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്നിരിക്കുന്നത് 2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് വേണ്ട 2020 ജനവരിയിൽ മാത്രമാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്.

2019-20 വർഷത്തേക്കുള്ള പദ്ധതി രൂപീകരണത്തിന്റെ ഭാഗമായി വികസന സെമിനാർ കൂടിയതായി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല.

## 1-6 ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| NREGS | Admin 320100101 | 461 | 659198 | 659659 | 659262 | 397 |
| | തൊഴിലാളികളുടെ കൂലി | | 9776344 | 9776344 | 7331889 | 0 |
| | Capital Contribution | | | | 2444455 | 0 |
| ആകെ | | 461 | 10435542 | 10436003 | 10435606 | 397 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 19560 | 8 |
| കർഷക തൊഴിലാളി പെൻഷൻ | 1101000 | 190 |
| വിധവാപെൻഷൻ | 2504900 | 432 |
| വാർദ്ധക്യകാല പെൻഷൻ | 4153800 | 708 |
| ശാരീരികവും മാനസിക വുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1032700 | 173 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 42000 | 7 |
| വിവാഹ ധനസഹായം (വിധവകളുടെ പെൺമക്കൾക്ക്) | 60000 | 2 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.09.2021ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 2393/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ രീതിയിൽ ജോലി വിഭജനം സമയാസമയങ്ങളിൽ നടത്തുകയും എല്ലാ മാസവും സ്റ്റാഫ് മീറ്റിംഗുകൾ ചേരുകയും ചെയ്തിട്ടുണ്ട്. ഓരോ സമയത്തും ആവശ്യമായ മേഖലകൾക്ക് പ്രത്യേക പ്രാധാന്യം നൽകി ഓഫീസ് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട്. ഉദാഹരണമായി റീബിൽഡ് കേരള അപേക്ഷകൾ കൈകര്യം ചെയ്യൽ, അവധി ദിനങ്ങളിൽ അനധികൃത നിർമ്മാണം തടയുന്നതിനുള്ള സംവിധാനങ്ങൾ, മാലിന്യ സംസ്കരണം, നിയമസഭാ ചോദ്യോത്തരം, നികുതി പിരിവ്, കോവിഡ് രോഗനിയന്ത്രണം എന്നിവക്ക് പ്രത്യേക പ്രാധാന്യം ആവശ്യമായ സമയങ്ങളിൽ നൽകിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 15.01.2021 | 01.11.2020 മുതൽ 31.12.2020 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.06.2021 | 01.04.2015 മുതൽ 18.06.2018 വരെ | 12.07.2018 |

## 1-11 ഗ്രാമസഭ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 3 (3) പ്രകാരം കുറഞ്ഞ പക്ഷം 3 മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭായോഗം വിളിച്ച ചേർക്കേണ്ടതാണ്. എന്നാൽ 2019-20 വർഷത്തിൽ ഗ്രാമസഭ രണ്ട് തവണ മാത്രമാണ് കൂടിയിരിക്കുന്നത്. 2019 ജൂലായ് മാസത്തിൽ കൂടിയ ഗ്രാമസഭയിൽ ഗുണഭോക്തൃതെരഞ്ഞെടുപ്പും ജനവരി 2020 ൽ ചേർന്ന ഗ്രാമസഭയിൽ 2019-20 വർഷിക പദ്ധതികളുടെ അവലോകനം 2020-21 വർഷത്തെ തൊഴിലുറപ്പ് പദ്ധതികളുടെ ഷെൽഫ് ഓഫ് പ്രൊജക്ട്സ്, ലേബർ ബജറ്റ് എന്നിവയും ചർച്ച ചെയ്തിരിക്കുന്നു. ഗ്രാമസഭകളുടെ പ്രവർത്തനം ഇവയിലേക്ക് മാത്രമായി ചുരുക്കാതെ നിയമപ്രകാരമുള്ളതും സർക്കാർ ഉത്തരവ് (കൈ)നം 11/2018/ തസ്വഭവ തി.29.1.2018 പ്രകാരമുള്ളതുമായ എല്ലാ ചുമതലകളും നിർവ്വഹിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-12 വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ

പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം വസ്തുനികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന താഴെ ചേർത്ത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം | കെട്ടിട നമ്പർ | സഞ്ചയയിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉടമയുടെ പേര് | വസ്തുനികുതി |
|---|---|---|---|
| 1 | VI/54 | ഡിവിഷണൽ എഞ്ചിനിയർ 2 | 4815 |
| 2 | XI/434A | റിലയൻസ് കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 28085 |
| 3 | XII/210B | ഡിവിഷണൽ എഞ്ചിനിയർ (BSS2) | 7350 |
| ആകെ | | | 40250 |

2) കുട്ട്യാലി മകൻ നിസാർ ടി.കെ, തടത്തിൽ പരീക്കണ്ണി, ഷമീന നിസാർ പരീക്കണ്ണി എന്നിവരുടെ ഉടമസ്ഥതയിലുള്ള XIII/305A, XIII/305C, XIII/305D എന്നീ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം സഞ്ചയ പ്രകാരം 100 ച.മീറ്ററിന് മുകളിലാണ്. എന്നാൽ സഞ്ചയയിൽ വാണിജ്യാവശ്യത്തിനുള്ളവ 100 ച. മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമമാണ് ഇവക്ക് നൽകിയിരിക്കുന്നത്. ഈ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 30 രൂപ/ച.മീറ്ററും, 100 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ, എന്ന ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് 60 രൂപ/ച.മീറ്ററുമാണ് വസ്തുനികുതി നിരക്കായി പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് നിശ്ചയിച്ചിരിക്കുന്നത്. ആയതിനാൽ ഈ കെട്ടിടങ്ങൾക്ക് തെറ്റായ ഉപയോഗക്രമം നൽകിയത് മുഖേന താഴെ ചേർത്ത പ്രകാരം വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് ഉണ്ടായിട്ടുള്ളതായി കാണുന്നു.

| കെട്ടിട നം | തറ വിസ്തീർണ്ണം(ച.മീ) | 30 രൂപ/ച.മീറ്റർ പ്രകാരം ഈടാക്കിയ വസ്തുനികുതി | 60 രൂപ/ ച.മീറ്റർ പ്രകാരം ഈടാക്കേണ്ട വസ്തുനികുതി | കുറവ് |
|---|---|---|---|---|
| XIII/305A | 120.45 | 3614/- | 7227/- | 3613/- |
| XIII/305C | 111.55 | 3346.5 -167.33 = 3180/- (5% ബഹുനില വാണിജ്യാവശ്യം ഇളവ്) | 6693 - 334.65 = 6358/- | 3178/- |
| XIII/305D | 139.14 | 4174.2 - 417.42 - 187.84 = 3569/- (10% മേൽക്കൂര ഇളവ്, 5% ബഹുനില വാണിജ്യാവശ്യം ഇളവ്) | 8348.4 - 834.84 - 375.68 = 7138/- | 3569/- |
| ആകെ വസ്തുനികുതി കുറവ് | | | | 10360/- |

ഈ അപാകതകൾ സൂചിപ്പിച്ച് 14-09-2021 ന് ഓഡിറ്റ് എൻക്വയറി (നമ്പർ 12) നൽകിയിരുന്നെങ്കിലും മേൽ ചേർത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഫയൽ പരിശോധനക്ക് ലഭ്യമാക്കിയില്ല. വസ്തുനികുതി ഈടാക്കാത്ത മേൽ ചേർത്ത കെട്ടിടങ്ങളുടെ വസ്തു നികുതി ഈടാക്കി, വസ്തുനികുതി കുറവായി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വസ്തുനികുതി ശരിയായി നിർണ്ണയിച്ച് കുറവ് വന്ന തുക ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ്

## സേവനങ്ങൾക്കും ലൈസൻസ് -അപാകതകൾ

ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തെ ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2017ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ഭേദഗതി ചട്ടങ്ങൾ 31.10.2017ൽ നിലവിൽ വന്നതിനെ തുടർന്ന് പല്ലാരിമംഗലം ഗ്രാമപഞ്ചായത്ത് മേൽ ചട്ടത്തിലെ ചട്ടം 7, പട്ടിക II പ്രകാരം സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന മേഘലയെ അഞ്ച് വിഭാഗങ്ങളായി തിരിച്ച് പരമാവധി നിശ്ചയിക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് പുതുക്കി നിശ്ചയിച്ച് 26.04.2018ൽ (തീരുമാന നം. 90/18) തീരുമാനം എടുത്തിട്ടുണ്ടെങ്കിലും, ചട്ടത്തിലെ ചട്ടം 7, പട്ടിക II പ്രകാരം സേവന മേഘലയിലെ നിരക്കുകൾ, ചട്ടം 17,18 പട്ടിക III പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ചുമത്താവുന്ന നിരക്ക്, ചട്ടം 20, 21 പട്ടിക IV പ്രകാരം വൈദ്യുതികൊണ്ടല്ലാതെ പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ചുമത്താവുന്ന നിരക്ക് എന്നിവ നിശ്ചയിച്ച് തീരുമാനം എടുത്തതായി കാണുന്നില്ല. മേൽ അപാകതകൾക്കുള്ള വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 4/2019-20 തിയതി 9/9/2021നം ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച 15/09/2021 ലെ ബി2-2421ാം നം മറുപടിയിൽ ചട്ടം 7, പട്ടിക II പ്രകാരം സേവന മേഘലയിലെ നിരക്കുകൾ , ചട്ടം 17,18 പട്ടിക III പ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ചുമത്താവുന്ന നിരക്ക്, ചട്ടം 20,21 പട്ടിക IV പ്രകാരം വൈദ്യുതികൊണ്ടല്ലാതെ പ്രവർത്തിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ചുമത്താവുന്ന നിരക്ക് എന്നിവ അടുത്ത പഞ്ചായത്ത് കമ്മറ്റിയിൽ തന്നെ നിശ്ചയിച്ച് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതിനാൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2) ജനപ്രതിനിധികളുടെ കൂടി സഹകരണത്തോടെ വാർഡ് തിരിച്ചുള്ള വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും എല്ലാ കടകളും ലൈസൻസ് എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

3) പഞ്ചായത്ത് പരിധിയിൽ വരുന്ന ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ താഴെ ചേർക്കുന്നു.

1)പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിലെ താഴെ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് സൂചിപ്പിച്ച് 12.9.2021 ൽ എൻക്വയറി (നമ്പർ 9) നൽകിയിരുന്നെങ്കിലും ഇവയിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടുള്ളതായി രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇവയിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കാനറ ബാങ്ക് അടിവാട് | I |
| 2 | അടിവാട് Acos Ltd അടിവാട് | II |
| 3 | യോഗ ക്ഷേമം ലോൺസ് Ltd അടിവാട് | I, II |
| 4 | ഡോ.ഹസീനാ'സ് ഹോമിയോ ക്ലിനിക്ക് അടിവാട് | I, II |
| 5 | അമാളിപ്പുറം മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | I, II |
| 6 | കോട്ടക്കൽ ഫിനാൻസ് അടിവാട് | I, II |
| 7 | പോത്താനിക്കാട് റീജിയണൽ റൂറൽ ബാങ്ക് ക്ലിപ്തം അടിവാട് | I, II |

2) പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിൽ താഴെ ചേർത്ത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് സൂചിപ്പിച്ച് 12.9.2021 ൽ എൻക്വയറി (നം.9) നൽകിയിരുന്നെങ്കിലും ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമാക്കിയില്ല. ഈ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | യോഗ ക്ഷേമം ലോൺസ് Ltd അടിവാട് | I, II |
| 2 | ഡോ.ഹസീനാ'സ് ഹോമിയോ ക്ലിനിക്ക് അടിവാട് | I, II |
| 3 | അമാളിപ്പുറം മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക് | I, II |
| 4 | പവിത്രം ക്ലിനിക്ക്, അടിവാട് - ഊന്നുകൽ റോഡ്, കുവള്ളൂർ | I, II |
| 5 | കോട്ടക്കൽ ഫിനാൻസ് അടിവാട് | I, II |
| 6 | പോത്താനിക്കാട് റീജിയണൽ റൂറൽ ബാങ്ക് ക്ലിപ്തം അടിവാട് | I, II |
| 7 | വി.ജെ ക്വാറി,വാർഡ് 2 | I, II |
| 8 | പെരിയാർ ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ, വാർഡ് 2 | I, II |
| 10 | റോയൽ ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ, മടിയൂർ | I, II |
| 11 | നാഷ്ണൽ ഗ്രാനൈറ്റ്സ് മെറ്റൽ ക്രഷർ, മാവുടി | I, II |
| 12 | ബിസ്മില്ലാ മാർബിൾസ് & ഗ്രാനൈറ്റ്സ്, പല്ലാരിമംഗലം | I, II |
| 13 | സഫ ക്ലിനിക്കൽ ലബോറട്ടറി, വാർഡ് 8 | I, II |
| 14 | പൈമറ്റം ഗ്രാനൈറ്റ്സ്, മണിക്കിണർ | I, II |
| 15 | കൈരളി ജ്വല്ലറി അടിവാട് | I, II |

3) പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം തൊഴിൽ നികുതി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് എഴുതി സൂക്ഷിക്കാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ലൈസൻസ് ഫീസ് രജിസ്റ്റർ പ്രകാരം 210 സ്ഥാപനങ്ങൾ തൻവർഷം ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രൊഫഷൻ ടാക്സ് രജിസ്റ്റർ പ്രകാരം ലൈസൻസ് ഫീസ് ബാധകമല്ലാത്തവ ഉൾപ്പടെ ആകെ 53 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് മാത്രമാണ് പ്രൊഫഷൻ ടാക്സ് ഈടാക്കിയിട്ടുള്ളത്. വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്ത് പരിധിയിലെ എല്ലാ സ്ഥാപനങ്ങളിൽ നിന്നും,ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്.

4) പല്ലാരിമംഗലം ഗ്രാമ പഞ്ചായത്തിൽ 2019-2020 സാമ്പത്തിക വർഷം വിവിധ മരാമത്ത് ജോലികൾ ഏറ്റെടുത്ത് നടപ്പാക്കിയ താഴെ ചേർത്ത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല. ആയത് സൂചിപ്പിച്ച് 12.9.2021 ൽ എൻക്വയറി (നമ്പർ 9) നൽകിയിരുന്നെങ്കിലും ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയ രേഖകൾ ലഭ്യമാക്കിയില്ല. ഈ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

| ക്രമ നം | പേര് |
|---|---|
| 1 | മുജീബ്.പി.എ |
| 2 | ഇബ്രാഹിം.പി.കെ |
| 3 | എം.എ മുഹമ്മദ് മങ്ങാട്ട് |
| 4 | ലിജ്ജ പോൾ |
| 5 | കെ.ഗോപി |
| 6 | എൽദോ.എൻ.വി |
| 7 | കെ.ബി.സലാം |
| 8 | പി.എം.ഷാജി |

5) പഞ്ചായത്ത്പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ആധാരം എഴുത്ത് സ്ഥാപനങ്ങൾ, കമ്പ്യൂട്ടർ സെന്ററുകൾ, സ്വകാര്യ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നും തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

മേൽ ചേർത്ത സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-15 സ്വകാര്യ ആശുപത്രികൾ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങൾ-രജിസ്ട്രേഷൻ/ ലൈസൻസ് പുതുക്കിയില്ല

1999 ലെ കേരള പഞ്ചായത്തീരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ) പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള താഴെപറയുന്ന സ്വകാര്യ ആശുപത്രി 2019-20 കാലയളവിൽ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ 5/2019-20 തിയതി 9/9/21 ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 2019-20 കാലയളവിലെ രജിസ്ട്രേഷൻ/ലൈസൻസ് പുതുക്കി വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അമലിപ്പുറം മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്ക്, അടിവാട്. |

## 1-16 ലൈഫ് - ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല.

ലൈഫ് പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിനായി നടപ്പിലാക്കിയ ഈ പദ്ധതി പ്രകാരം 25 പേർക്ക് 2 ലക്ഷം രൂപ വീതം ആകെ 50 ലക്ഷം രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം ) ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ഗുണഭോക്താക്കളായിരുന്ന താഴെ പറയുന്നവർ നാളിതുവരെ ഭവനനിർമ്മാണം തുടങ്ങുകയോ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല .

| ക്രമ നം. | പേര് | നിലവിലെ അവസ്ഥ |
|---|---|---|
| 1 | തങ്കമ്മ ഗോവിന്ദൻ | ഇതുവരെ തുടങ്ങിയിട്ടില്ല . |
| 2 | പി.വി.ത്രേസ്യാമ്മ | ഇതുവരെ തുടങ്ങിയിട്ടില്ല . |
| 3 | റ്റിൻസ് വർഗീസ് | ഇതുവരെ തുടങ്ങിയിട്ടില്ല . |
| 4 | സതി മത്തായി | 3 ലക്ഷം കൈപ്പറ്റിയിട്ടുണ്ട് . തുടർന്നുള്ള പ്രവൃത്തികൾ ചെയ്തില്ല . |
| 5 | സ്മിത അബ്ദുൾ സലാം | 40,000 /- രൂപ കൈപ്പറ്റിയിട്ടുണ്ട് . തുടർന്നുള്ള പ്രവൃത്തികൾ ചെയ്തില്ല . |
| 6 | എം.എസ് . കോന്താലം | 3 ലക്ഷം കൈപ്പറ്റിയിട്ടുണ്ട് . തുടർന്നുള്ള പ്രവൃത്തികൾ ചെയ്തില്ല . |

ടി ഗുണഭോക്താക്കൾ ഭവനനിർമ്മാണം നടത്താതിരുന്നതിന്/ പൂർത്തീകരിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17,16.09.21)ക്ക് ഹാജരാക്കിയ മറുപടിയിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധിപ്പിക്കുകയുണ്ടായി.

ക്രമ നം.1 ശ്രീമതി തങ്കമ്മ ഗോവിന്ദൻ വീട് പണി ആരംഭിച്ച് തറപണി പൂർത്തിയാക്കിയിട്ടുള്ളതും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ക്രമ നം. 2, 3 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന് പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലാണ് സ്ഥലം കണ്ടെത്തിയത്. അവരുടെ വീട് പണി പൂർത്തീകരണഘട്ടത്തിലേക്ക് എത്തിയിട്ടുള്ളതുമാണ്. ക്രമ നം. 4, 6 എന്നീ ഗുണഭോക്താക്കൾ വീടിന്റെ മേൽക്കൂര ഘട്ടം പൂർത്തിയാക്കിയിട്ടുള്ളതും അവസാനഘട്ടപണികൾ ഉടനെ പൂർത്തീകരിക്കുന്നതുമാണ്. ക്രമ നം.5 ഗുണഭോക്താവ് തറപണി പൂർത്തിയാക്കിയിട്ടുണ്ട്. കുടുംബാംഗത്തിന്റെ ഗുരുതര ആരോഗ്യപ്രശ്നങ്ങൾ കാരണമാണ് ഗൃഹനിർമ്മാണം തുടരാൻ കഴിയാതിരുന്നത്. ടി ഗുണഭോക്താവിന്റെ ഗൃഹനിർമ്മാണം പുനരാരംഭിക്കാൻ വാർഡ് മെമ്പറുടെ നേതൃത്വത്തിൽ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭവനനിർമ്മാണത്തിന് സ്ഥലം വാങ്ങുന്നതിന് ധനസഹായം കൈപ്പറ്റുകയും ഭവനനിർമ്മാണം പൂർത്തിയാക്കാനവശേഷി ക്കുകയും ചെയ്യുന്നവരുടെ ഭവനനിർമ്മാണം പൂർത്തീകരിച്ചതിന്റെ വിവരം അറിയിക്കേണ്ടതാണ് .

## 1-17 വീട് വാസയോഗ്യമാക്കൽ - അനുവദിക്കുന്ന തുക അപര്യാപ്തം

പഞ്ചായത്തിലെ വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് ഓഡിറ്റ് വർഷം നടപ്പിലാക്കിയ 3 പ്രൊജക്ടുകളുടെ വിവരം താഴെ പറയുന്നു .

| ക്രമ നം. | പ്രൊജക്ടിന്റെ നം. , പേര് | അടങ്കൽ | ചെലവ് | നല്കിയ ധനസഹായം |
|---|---|---|---|---|
| 1 | എസ് 008 /20, വീട് വാസയോഗ്യമാക്കൽ - ജനറൽ | 6,00,000 | 4,18,450 | 16 പേർക്ക് 25,000 /- വീതം, ഒരാൾക്ക് 18,450 /- |
| 2 | എസ് 019 20, വീട് വാസയോഗ്യമാക്കൽ - പട്ടികജാതി | 8,70,000 | 5,50,000 | 11 പേർക്ക് 50,000 /- വീതം |
| 3 | എസ് 025 /20, വീട് വാസയോഗ്യമാക്കൽ – ആശ്രയ | 50,000 | 50,000 | ഒരാൾക്ക് 50,000 /- |

2018-19 മുതൽ 2021-22 വരെയുള്ള വർഷങ്ങളിലെ പദ്ധതി നിർവഹണത്തിനു വേണ്ടി സർക്കാർ 14.02.18 ൽ പുറപ്പെടുവിച്ച സ.ഉ (കൈ ) നം. 22 /2018/ തസ്വഭവ ഉത്തരവ് പ്രകാരം വാസയോഗ്യമല്ലാത്ത വീടുകൾ വാസയോഗ്യമാക്കുന്നതിന് പൊതുവിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് 1,00,000/- രൂപയും പട്ടികജാതിവിഭാഗത്തിൽപ്പെടുന്നവർക്ക് 1,50,000/- രൂപയും പരമാവധി സബ്സിഡി അനുവദിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിലുള്ളവർക്ക് പരമാവധി ഒരു ലക്ഷം രൂപ നൽകുന്നതിനു പകരം 25,000/- രൂപയും അതിൽ താഴെയുമാണ് നൽകിയത്. ആശ്രയ ലിസ്റ്റിലുള്ളവർക്കും പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്കും ഉയർന്ന തുക നല്കാമെങ്കിലും 50,000/- രൂപ മാത്രമേ അനുവദിച്ചുള്ളൂ. അനുവദിച്ച തുക കുറഞ്ഞതായതിനാൽ വീട് വാസയോഗ്യമാക്കുന്നതിന് തികച്ചും അപര്യാപ്തമാണ്. ഒരിക്കൽ ഒരിനത്തിന് ആനുകൂല്യം കൈപ്പറ്റിയ വ്യക്തിക്ക് ആയിനത്തിൽ വീണ്ടും തുക അനുവദിക്കാൻ വ്യവസ്ഥയില്ല. പരമാവധി പേർക്ക് ആനുകൂല്യം നല്കുന്നതിനായി പദ്ധതിയുടെ ഉദ്ദേശ്യത്തിൽ വിട്ടുവീഴ്ച ചെയ്തു എന്നാണ് മനസ്സിലാക്കുന്നത്. ഈ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18, 17.09.21) ഹാജരാക്കിയ മറുപടിയിൽ തനത് ഫണ്ട് വളരെ കുറഞ്ഞ പഞ്ചായത്തായതിനാലും വികസനഫണ്ടിന്റെ കുറവും കാരണമാണ് വീട് വാസയോഗ്യമാക്കൽ പദ്ധതിക്ക് സബ്സിഡി തുകയായി 25,000 /-, 50,000 /- എന്നിങ്ങനെ പഞ്ചായത്ത് ഭരണസമിതി നിജപ്പെടുത്തിയിട്ടുള്ളത് എന്നാണ് നിർവഹണഉദ്യോഗസ്ഥ അറിയിച്ചത്. വരും വർഷങ്ങളിൽ ധനസഹായം കൂടുതൽ അനുവദിച്ച് മികച്ച ലക്ഷ്യം കൈവരിക്കുന്നതിന് ഉചിതമായ രീതിയിൽ പദ്ധതി നടപ്പാക്കേണ്ടതാണ് .

## 1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിൻമേൽ നടപടികളില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന വിവിധ ഡെപ്പോസിറ്റ് ഇനങ്ങളിൽ 2015-16 ,2016-17 വർഷങ്ങളിൽ ലഭിച്ച ഡെപ്പോസിറ്റുകൾ 31.03.20 തീയതി വരെ റീഫണ്ട് ചെയ്തിട്ടില്ലാത്തതായി കാണുന്നു .

| ഇനം | തുക | ലഭിച്ച കാലയളവ് |
|---|---|---|
| കോൺട്രാക്ടേഴ്സ് ഇഎംഡി | 42,100 | 04.08.15 മുതൽ 27.01.17 വരെ |
| ബിഡ്ഡേഴ്സ് ഇഎംഡി | 13,500 | 05.01.15 മുതൽ 11.02.16വരെ |
| സപ്ലൈയേഴ്സ് ഇഎംഡി | 3,000 | 18.02.17 |
| അദർ ഡെപ്പോസിറ്റ്സ് -റവന്യൂ( 2015 തെരെഞ്ഞെടുപ്പ് ഡെപ്പോസിറ്റ് ) | 48,500 | 13.10.15 മുതൽ 15.10.15വരെ |
| ഓക്ഷൻ ഡെപ്പോസിറ്റ് | 100 | 06.03.17 |
| കോൺട്രാക്ടേഴ്സ് സെക്യൂരിറ്റി | 5,050 | 08.02.17 |

| | | |
|---|---|---|
| ഡെപ്പോസിറ്റ് | | |
| സപ്ലെയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 2,525 | 25.03.15 മുതൽ 25.03.17 വരെ |
| അദർ ഡെപ്പോസിറ്റ്സ് | 2,000 | 19.09.15 |
| കോൺട്രാക്ടേഴ്സ് റിറ്റെൻഷൻ | 40,500 | 10.06.15 |

കേരള ഫിനാൻഷ്യൽ കോഡ് വോല്യം 1 ആർട്ടിക്കിൾ 282 പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് )ചട്ടങ്ങളിലെ ചട്ടം 79 പ്രകാരവും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ കാലാവധി കഴിഞ്ഞും തിരികെ കൈപ്പറ്റാത്ത ഡെപ്പോസിറ്റുകൾ നിശ്ചിത കാലയളവിനു ശേഷം സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് തിരിച്ചെഴുതേണ്ടതാണ് എന്ന് വ്യക്തമായി വ്യവസ്ഥ ചെയ്തിട്ടുണ്ട്. 14.01.20 ലെ തദ്ദേശസ്വയംഭരണ (എ സി) വകുപ്പ് ന്റെ സർക്കാർ ഉത്തരവ് നം.എ സി 1/125/2019 -തസ്വഭവ ഉത്തരവ് പ്രകാരം തുടർച്ചയായി മൂന്ന് വർഷത്തിലധികമായി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിൽ നിലനിൽക്കുന്ന ഡെപ്പോസിറ്റുകൾ ഓരോന്നിന്റെയും കാലാവധി മൂന്ന് വർഷം തികയുന്നതിന്റെ തൊട്ടടുത്ത ദിവസം തന്നെ അതത് സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടിട്ടുണ്ട്. ഇത് കൃത്യമായി ഉറപ്പ് വരുത്തതിനാവശ്യമായ സജ്ജീകരണവും ക്രമീകരണവും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപന സെക്രട്ടറിമാർ ചെയ്യേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടി തുകകൾ റീഫണ്ട് ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു.

## <u>1-19 ചെലവിന്റെ കൃത്യത വ്യക്തമല്ല.</u>

ഓഡിറ്റ് വർഷം ശുചിത്വമിഷനിൽ നിന്നും മഴക്കാലപൂർവശുചീകരണത്തിന് ലഭിച്ച 1,30,000 /- രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (വൗച്ചർ നം.21900106, 13.05.19 – 1,30,000 /-). ആരോഗ്യ ജാഗ്രത, പകർച്ചവ്യാധി പ്രതിരോധ യജ്ഞത്തിന്റെ ഭാഗമായി ശുചീകരണപ്രവർത്തനങ്ങൾക്കു പയോഗിക്കുന്നതിന് വാർഡുതല ശുചിത്വപോഷണസമിതികൾക്ക് 10,000/- രൂപ വീതമാണ് നല്കിയത്. എല്ലാ വാർഡുകളിലും മഴക്കാലപൂർവശുചീകരണം നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ടി തുകയും NHM ൽ നിന്നും ലഭിച്ച തുകയും കൂടിക്കലർത്തി ചെലവ് ചെയ്തിട്ടുള്ളതിനാൽ ശുചിത്വമിഷനിൽ നിന്നും ലഭിച്ച തുക ചെലവഴിച്ചതിന്റെ കൃത്യത ഉറപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. ചില വാർഡുകളിൽ ശുചീകരണപ്രവൃത്തി ചെയ്ത തൊഴിലാളികളുടെ മസ്റ്റർ റോൾ ഹാജരാക്കിയിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ശുചിത്വമിഷനിൽ നിന്നും ലഭിക്കുന്ന തുകകളുടെ വിനിയോഗവിവരം പ്രത്യേകം സൂക്ഷിക്കേണ്ടതും ശുചീകരണപ്രവൃത്തിയിൽ ഏർപ്പെടുന്ന തൊഴിലാളികളുടെ മസ്റ്റർ റോൾ നിർബന്ധമായും എഴുതിക്കേണ്ടതുമാണ് .

## <u>1-20 തെരുവു വിളക്ക് വൈദ്യുതി ചാർജ് കണക്കാക്കുന്നതിൽ അപാകത</u>

പ്രൊജക്ട് നമ്പർ 11/19-20 പ്രകാരം തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് അടവാക്കുന്നതിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 06/2019 മുതൽ 03/2020 വരെ 6,26,525/- രൂപ ചെലവഴിച്ചിട്ടുണ്ട് (നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി, കൺസ്യൂമർ നമ്പർ 1155925001816). Unmetered Street Light ആയതിനാൽ വ്യത്യസ്ത വാട്ട്സിലുള്ള ഉള്ള ഓരോ ഇനം ലാംപിന്റെയും Burning Hours അടിസ്ഥാനമാക്കിയാണ് KSEBപ്രതിമാസ വൈദ്യുതി ചാർജ് കണക്കാക്കുന്നത്. 08.7.19ൽ പ്രാബല്യത്തിൽ വന്ന Taiff (LT-VIII A 3 Phase) അടിസ്ഥാനമാക്കി ചുവടെ ചേർക്കുന്നതു പ്രകാരമാണ് പഞ്ചായത്ത് പരിധിയിലെ തെരുവു വിളക്കുകൾക്ക് KSEB വൈദ്യുതി ചാർജ് കണക്കാക്കിയിരിക്കുന്നത്.

| ലാംപ് | വാട്ട്സ് | Burning Hours | ലാംപുകളുടെ എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|---|---|
| ഓർഡിനറി ബൾബ് | 60W | 12 Hrs | 297 | 112/- | 33264/- |
| സോഡിയം വേപ്പർ ലാംപ് | 250W | 12 Hrs | 62 | 492/- | 30504/- |
| ആകെ | | | 359 | | 63,768/- |

ഇപ്രകാരം 359 ലാംപുകൾക്ക് പ്രതിമാസം 63768/- രൂപയാണ് തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് ഇനത്തിൽ നിലവിൽ അടവാക്കുന്നത്. 08.7.19 ന ശേഷം കെ.എസ്.ഇ.ബി. താരിഫ് പുന:നിർണയിച്ചിട്ടില്ല.

പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള തെരുവു വിളക്ക് രജിസ്റ്റർ പ്രകാരം ഓർഡിനറി ബൾബ് ഒരു വാർഡിലും നിലവിൽ സ്ഥാപിച്ചിട്ടില്ല. എൽ.ഇ.ഡി, സി.എഫ്.എൽ, ഫ്ളൂറസെന്റ് ട്യൂബ്, സോഡിയം വേപ്പർ ലാംപ് എന്നിവ മാത്രമേ ഉപയോഗിക്കുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ഓരോ വാർഡിലെയും തെരുവു വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് രേഖപ്പെടുത്തിയതനുസരിച്ച് 13 വാർഡുകളിലായി ആകെ 174 യൂണിറ്റ് ലാംപുകൾ ഉണ്ട്. (ഇവയിൽ ഒന്നാം വാർഡിൽ മാത്രം 1 സോഡിയം വേപ്പർ ലാംപ് ഉണ്ട്).

എന്നാൽ രജിസ്റ്ററിലെ എണ്ണത്തിൽ നിന്നും വ്യത്യസ്തമായി ഉയർന്ന വൈദ്യുതി നിരക്ക് ഉള്ള 359 യൂണിറ്റ് ലാംപുകളുടെ വൈദ്യുതി ചാർജ് ആണ് കാലങ്ങളായി പഞ്ചായത്ത് അടവാക്കി വരുന്നത്. ഒരു 250W സോഡിയം വേപ്പർ ലാംപിന്റെ പ്രതിമാസ താരിഫ് 492/- രൂപയും ഓർഡിനറി ബൾബ് 60W ന്റേത് 112/- രൂപയുമാണ്. എന്നാൽ വിവിധ വാട്ട്സിലുള്ള LED ലാംപുകളുടെ പ്രതിമാസ താരിഫ് 10 രൂപ മുതൽ 39 രൂപ വരെ മാത്രമേ കെ.എസ്.ഇ.ബി. കണക്കാക്കിയിട്ടുള്ളൂ. CFL ന്റെ താരിഫും വളരെ കുറവാണ്. നിലവിൽ വാർഡുകളിൽ സ്ഥാപിച്ചിരിക്കുന്ന വൈദ്യുതി കുറഞ്ഞ അളവിൽ മാത്രം ഉപയോഗിക്കുന്ന LED,CFL ലാംപുകൾ വൈദ്യുതി ചാർജ് കണക്കാക്കുന്നതിന് കെ.എസ്.ഇ.ബി പരിഗണിക്കാത്തതു മൂലവും ഉപയോഗിക്കാത്ത ഓർഡിനറി ലാംപുകളുടെ നിരക്ക് പരിഗണിക്കുന്നതു മൂലവും ഉപയോഗിക്കുന്നതിലും അധികം എണ്ണം സോഡിയം വേപ്പർ ലാംപിന്റെ വൈദ്യുതി ചാർജ് കണക്കാക്കുന്നതും മൂലം ഭീമമായ തുകയാണ് വൈദ്യുതി ചാർജ് ഇനത്തിൽ അടവാക്കി വരുന്നത്. KSEB യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഓരോ ഇനത്തിലുമുള്ള ഉപയോഗയോഗ്യമായ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം നിശ്ചയിക്കേണ്ടതാണ്. ഹൈമാസ്റ്റ്, മിനി മാസ്റ്റ് എന്നിവയിൽ ഘടിപ്പിച്ചിരിക്കുന്ന ഉയർന്ന വാട്ട്സ് ഉള്ള എൽ.ഇ.ഡി. ലൈറ്റുകളുടെ എണ്ണം നിലവിൽ കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.ആയതും സംയുക്ത പരിശോധന നടത്തി എണ്ണം തിട്ടപ്പെടുത്തി രേഖപ്പെടുത്തേണ്ടതാണ്. 07.7.2010 ലെ 43742/ഡി.സി.3/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം തെരുവു വിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

## <u>1-21 തെരുവ് വിളക്ക് മെയിന്റനൻസ്-തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം വ്യക്തമല്ലാത്തതിനാൽ അധിക ചെലവ്</u>

തെരുവ് വിളക്ക് മെയിന്റനൻസിനായി കരാറുകാരൻ ശ്രീ.ഷാജി.കെ.ആർ., കൊല്ലപ്പള്ളിൽ എന്ന ആൾക്ക് 2019-20 വർഷം പ്രതിഫലം നൽകിയിട്ടുണ്ട്. ടിയാൻ ഹാജരാക്കിയ കണക്കു പ്രകാരം 15.11.19 മുതൽ 06.12.19 വരെയുള്ള കാലയളവിൽ വിവിധ ഇനങ്ങളിലായി 382 എണ്ണം തെരുവ് വിളക്കുകളടെയും 07.12.19 മുതൽ 24.2.20 വരെ 232 എണ്ണം വിളക്കുകളുടെയും തകരാർ പരിഹരിച്ചിട്ടുണ്ട്. വിളക്കുകൾ നന്നാക്കിയതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചത്. പല സാക്ഷ്യപത്രങ്ങളിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. നന്നാക്കിയതായി സാക്ഷ്യപ്പെടുത്തിയ തെരുവു വിളക്കുകളുടെ എണ്ണവും ഹാജരാക്കിയ തെരുവ് വിളക്ക് രജിസ്ററിൽ രേഖപ്പെടുത്തിയിരിക്കുന്ന തെരുവു വിളക്കുകളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. തെരുവു വിളക്ക് രജിസ്റ്ററിൽ ഓരോ വാർഡിലെയും തെരുവു വിളക്കുകളുടെ എണ്ണം ഇനം തിരിച്ച് രേഖപ്പെടുത്തിയതു പ്രകാരം 13 വാർഡുകളിലായി LED, CFL, S.V.Lamp, ഫ്ളൂറസെന്റ് ട്യൂബ് അടക്കം ആകെ 174 യൂണിറ്റ് ലാംപുകളാണ് ഉള്ളത്. എന്നാൽ ഇവ സ്ഥാപിച്ചിരിക്കുന്ന പോസ്റ്റുകളുടെ നമ്പർ രജിസ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുകയോ രജിസ്റ്ററിൽ ഏതു തീയതി അടിസ്ഥാനമാക്കിയുള്ള കണക്കാണ് രേഖപ്പെടുത്തിയിരിക്കുന്നതെന്നോ വ്യക്തമല്ല. കരാറുകാരൻ തകരാർ പരിഹരിച്ച തെരുവ് വിളക്കുകളുടെയും തെരുവ് വിളക്ക് രജിസ്റ്ററിൽ ചേർത്തിരിക്കുന്ന തെരുവ് വിളക്കുകളുടെയും എണ്ണത്തിൽ വളരെയധികം വ്യത്യാസമുണ്ട്. എന്നാൽ ഇവയിൽ നിന്നും വ്യത്യസ്തമായി കെ.എസ്.ഇ.ബി.യിൽ വൈദ്യുതി ചാർജ് അടവാക്കുന്നത് സോഡിയം വേപ്പർ ലാംപുകൾക്കും നിലവിൽ പഞ്ചായത്ത് പരിധിയിൽ എവിടെയും സ്ഥാപിച്ചിട്ടില്ലാത്ത ഓർഡിനറി ബൾബുകൾക്കുമാണ്. ഇതു കൂടാതെ കരാറുകാരനായ ഷാജി കെ.ആർ.ന് 2018-19 വർഷം തെരുവ് വിളക്ക് മെയിന്റനൻസിന് ചെലവായ 2 ലക്ഷം രൂപയിൽ 1ലക്ഷം രൂപ തുടർ വർഷങ്ങളിൽ നൽകിയിട്ടില്ല. ആദ്യ ഗഡുവായ 1 ലക്ഷം രൂപ 2019-20 ൽ നൽകിയത് തന്നെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ഹാജരാക്കാതെയാണ്. ബാക്കി തുക കരാറുകാരൻ ആവശ്യപ്പെടുകയും ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചതായി കത്തു നൽകിയതിനെ തുടർന്ന് ടിയാന് സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ നൽകുകയും ചെയ്തു. 2019-20 വർഷവും തെരുവു വിളക്ക് മെയിന്റനൻസിന് ചെലവായ ആകെ തുകയിൽ 62045/- രൂപ ശ്രീ.ഷാജി കെ.ആർ.ന് നൽകിയിട്ടില്ല. ടി തുക നാളിതു വരെയായും കരാറുകാരൻ ആവശ്യപ്പെട്ടിട്ടില്ല. സെക്യൂരിറ്റി ഡിപ്പോസിറ്റ് തിരികെ വാങ്ങുകയും ചെയ്തു. കരാറുകാരൻ ബാക്കി തുക ആവശ്യപ്പെടാത്തതിനാൽ കരാറുകാരന് വളരെ ലാഭകരമായ പ്രവൃത്തിയാണ് തെരുവ് വിളക്ക് പരിപാലനം എന്നത് വ്യക്തമായിരിക്കുകയാണ്. തെരുവു വിളക്കുകളുടെ കൃത്യമായ കണക്ക് പഞ്ചായത്ത് സൂക്ഷിച്ചിരുന്നെങ്കിൽ ഇക്കാര്യങ്ങളൊന്നും സംഭവിക്കില്ലായിരുന്നു.

മേൽപ്പറഞ്ഞതു കൂടാതെ ഹൈമാസ്റ്റ് ലൈറ്റ് മെയിന്റനൻസിന് 2019-20 വർഷം തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ 3 ഹൈമാസ്റ്റ്, 8 മിനിമാസ്റ്റ് ലൈറ്റുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ ഓരോന്നും സ്ഥാപിച്ച വർഷം അറിയിച്ചിട്ടില്ല. ആയതിനാൽ വാറണ്ടി കാലയളവിൽ ആണോ മേൽ ഹൈമാസ്റ്റ് റിപ്പയർ ചെയ്തതെന്ന് ഉറപ്പു വരുത്താൻ സാധിച്ചില്ല.

കരാർ പ്രകാരം, സ്ട്രീറ്റ് ലൈറ്റ് റിപ്പയറിംഗുമായി ബന്ധപ്പെട്ട് കരാറുകാരൻ മാറ്റിയ എല്ലാ ലാംപുകളുടെയും ഉപകരണങ്ങളുടെയും വിവരം ബന്ധപ്പെട്ട വാർഡ് മെമ്പറുടെ സാക്ഷ്യ പത്രം സഹിതം പഞ്ചായത്തിൽ തിരിച്ചേൽപ്പിക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. തെരുവു വിളക്കുകളുടെ പ്രവർത്തനം സംബന്ധിച്ച പരാതി രജിസ്റ്റർ, സർക്കുലർ നമ്പർ 3055/ഡി.എ3/2011/ത.സ്വ.ഭ.വ., തീ.15.9.2011 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത് സൂക്ഷിക്കേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് നൽകിയ 21/17.9.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 22.9.21 ൽ മറുപടി ഹാജരാക്കി. തെരുവ് വിളക്ക് രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നാണ് മറുപടിയിൽ അറിയിച്ചത്. വാറണ്ടി കാലയളവിൽ സപ്ളയറിൽ നിന്നും സൗജന്യമായി മെയിന്റനൻസ് ഉറപ്പു വരുത്തുന്നതിനായി ഓരോ ഇനം ലാംപും വാങ്ങിയ തീയതി, പോസ്റ്റ് നമ്പർ എന്നിവ സഹിതമുള്ള വിവരങ്ങൾ തെരുവ് വിളക്ക് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

## 1-22 വെളിയംകുന്ന് എസ്.സി.ഹാൾ -വൈദ്യുതി കണക്ഷൻ എടുത്തില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 52/19-20 |
| പ്രൊജക്ടിന്റെ പേര് | വെളിയംകുന്ന് എസ്.സി.ഹാൾ വൈദ്യുതീകരണം |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 75000/- (എസ്.സി.പി.ഫണ്ട്) |
| ചെലവ് | 74752/-(BRN-19120852064600824173/ 14.11.19 |

വെളിയം കുന്ന് എസ്.സി.ഹാൾ വൈദ്യുതീകരണം ടെൻഡർ മുഖേന എസ്റ്റിമേറ്റ് നിരക്കിൽ ചെയ്തു പൂർത്തീകരിച്ചത് ടി.കെ.അലിയാർ എന്ന വ്യക്തിയാണ്. ആകെ പ്രവൃത്തി മൂല്യം 71871/- രൂപയാണ്. വൈദ്യുതീകരണം പൂർത്തിയാക്കിയതിനു ശേഷം നാളിതുവരെയായും സർവ്വീസ് കണക്ഷൻ കെ.എസ്.ഇ.ബി. യിൽ നിന്നും എടുത്ത് ഹാൾ ഉപയോഗക്ഷമമാക്കിയിട്ടില്ല. ആയതിനാൽ ആകെ പദ്ധതി ചെലവായ 74752/-രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ 16/16.9.21 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല.

## 1-23 പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ | 140/19-20 |
| പ്രൊജക്ടിന്റെ പേര് | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | 364260/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| ചെലവ് | 364200/-(BRN-1912085206460076/ 01.11.19.) |

പഞ്ചായത്ത് പരിധിയിലെ വിവിധ റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞതു പ്രകാരം 364200/- രൂപ നിക്ഷേപിച്ചു.പണി പൂർത്തീകരിച്ച് ഫൈനൽ ബില്ലിന്റെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിച്ചിട്ടില്ല.ആയതിനാൽ 364200/- രൂപ തടസപ്പെടുത്തുന്നു.

## 1-24 ബഡ്സ് സ്കൂൾ -കണക്ക് സൂക്ഷിപ്പും പ്രവർത്തനങ്ങൾക്ക് അധിക വിഭവ സ്രോതസ് കണ്ടെത്തലും

പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളിൽ സമീപ പഞ്ചായത്തുകളിൽ നിന്നും ഉൾപ്പെടെ നിലവിൽ 62 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്ന ഈ സ്ഥാപനത്തിന്റെ ദൈനംദിന നടത്തിപ്പും ജീവനക്കാരുടെ ഹോണറേറിയവും പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിക്കുന്ന

വാർഷിക ഗ്രാന്റ്, പഞ്ചായത്തിന്റെ പ്ളാൻ ഫണ്ട്, തനതു ഫണ്ട് എന്നീ ധനസ്രോതസുകളെ ആശ്രയിച്ചാണുള്ളത്. സ്ഥാപനത്തിന്റെ ദൈനംദിന നടത്തിപ്പ് മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർക്കുന്ന കാര്യങ്ങൾ നിർദേശിക്കുന്നു.

1)പൊതു വിദ്യാഭ്യാസ വകുപ്പ് അനുവദിക്കുന്ന ഗ്രാന്റ് തുക ബഡ്സ് സ്കൂൾ നടത്തുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും പേരിൽ സംയുക്തമായി ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും തുക ബഡ്സ് സ്കൂളുകൾക്കായി മാത്രം ചെലവഴിക്കുകയും ചെയ്യേണ്ടതാണെന്ന് സ.ഉ. (സാധാ) നം.2517/2011/ത.സ്വ.ഭ.വ, തീ.31.10.2011 ൽ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടിൽ മറ്റു തുകകൾ നിക്ഷേപിക്കുവാൻ പാടില്ലാത്തതും ഗ്രാന്റ് വരവ് ചെലവുകൾ പ്രത്യേകമായി എഴുതി സൂക്ഷിക്കേണ്ടതും (സ്കൂൾ ഗ്രാന്റ് ബുക്ക്) ധനവിനിയോഗ സർട്ടിഫിക്കറ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് യഥാസമയം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ അനുവദിക്കുന്ന ഗ്രാന്റ് കേരള ഗ്രാമീൺ ബാങ്ക് അടിവാട് ശാഖയിൽ  സെക്രട്ടറിയുടെ പേരിലുള്ള പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലാണ് നിലവിൽ ക്രെഡിറ്റ് ചെയ്യുന്നത് (A/C No. 40611101021028) പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കേണ്ടതും ഗ്രാന്റ് വരവ് ചെലവുകൾ എഴുതി സൂക്ഷിക്കേണ്ടതുമാണ്.

2)ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണവും പ്രസ്തുത എണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിരിക്കുന്ന നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ള അദ്ധ്യാപകരുടെയും അദ്ധ്യാപകേതര ജീവനക്കാരുടെയും എണ്ണവും അടിസ്ഥാനമാക്കിയാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ഓരോ വർഷവും ഗ്രാന്റ് അനുവദിക്കുന്നതെന്ന് ഗ്രാന്റ് അനുവദിച്ചു കൊണ്ടുള്ള നടപടി ക്രമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. 62 വിദ്യാർത്ഥികൾ ഓഡിറ്റ് വർഷം പഠിച്ചിരുന്നു.എന്നാൽ ലഭിച്ച ഗ്രാന്റ് 2,37,438/- രൂപ മാത്രമാണ്.ടി തുക അപര്യാപ്തമായതിനാൽ ജീവനക്കാർക്ക് ഹോണറേറിയം നൽകുന്നതിന് പ്ളാൻ ഫണ്ടിൽ നിന്നും 366200/- രൂപയും തനതു ഫണ്ടിൽ നിന്നും 8,13,800/-രൂപയും ചെലവഴിച്ചു. വരുമാനം തീരെ കുറവായ പഞ്ചായത്ത് ആയതിനാൽ വിദ്യാർത്ഥികളുടെ കൃത്യമായ എണ്ണം പൊതു വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ച് ആനുപാതികമായി ഗ്രാന്റ് തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3) ജി.ഓ(എം.എസ്)152/09/ത.സ്വ.ഭ.വ/01.8.09 പ്രകാരമുള്ള ബഡ്സ് വികസന മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബഡ്സ് സ്കൂളിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം തന്നെ പ്രവർത്തനങ്ങൾക്കായി സ്പോൺസർഷിപ്പ് നേടിയെടുക്കുന്നതടക്കം വിവിധ കാര്യങ്ങൾക്ക് ടി സമിതി മുൻകൈ എടുക്കേണ്ടതാണ്. സ്പോൺസർഷിപ്പ്, സംഭാവന എന്നിവ ലഭിക്കുകയാണെങ്കിൽ തനതു വരുമാനം തീരെ കുറവായ പഞ്ചായത്തിന് ആയത് ഒരു അനുഗ്രഹം ആയിരിക്കും .

## 1-25 പൈമറ്റം യു പി സ്കൂളിന് ടോയ്‌ലറ്റ് നിർമ്മാണം.-അപാകങ്ങൾ

1)നടപടിക്രമങ്ങളിലെ താമസം ഒഴിവാക്കേണ്ടതാണ്.

പ്രൊജക്റ്റ് നം.130/20

പ്രവർത്തിയുടെ പേര്:പൈമറ്റം യു പി സ്കൂളിന് ടോയ്‌ലററ് നിർമ്മാണം.

അടങ്കൽ:1000000രൂപ

ചെലവ് : 759890 രൂപ.

ചെക്ക് നം :21900409/20.9.2019

അളവ് പുസ്തകം : 134/18-19

ഈ പ്രവർത്തിയുടെ ടെൻഡർ തുറന്നത് 29.10.2018 നാണ്. തുടർന്ന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ.നിഷാദ് സി.എസിന് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയതായി കാണുന്നത് 8.11.2018 ന് മാത്രമാണ്. തുടർന്ന് കരാർ ഉടമ്പടി ചമച്ചിരിക്കുന്നത് 6.12.2018 നുമാണ്. (30/AE/LSGD/PL 2-18-19) (സെലക്ഷൻ നോട്ടീസ് അയച്ച തിയ്യതി/കരാറുകാരൻ നോട്ടീസ് കൈപ്പറ്റിയ തീയതി രേഖപ്പെടുത്തിയിട്ടില്ലാത്ത തിനാൽ നിശ്ചിത സമയപരിധിക്കുള്ളി ലാണോ കരാർ ഉടമ്പടി ചമച്ചതെന്ന് വ്യക്തമല്ല.) നടപടിക്രമങ്ങളിൽ വരുന്ന ഇത്തരം കാലതാമസങ്ങൾ പ്രവർത്തി തുടങ്ങുന്നതിൽ കാലതാമസത്തിന് കാരണമാകുന്നതിനാൽ ഒഴിവാക്കേണ്ടതാണ്.

2)പ്രവൃത്തി പൂർത്തീകരണത്തിലെ കാലതാമസത്തിന് പിഴ ഈടാക്കിയിട്ടില്ല.

കരാർ ഉടമ്പടി വ്യവസ്ഥ പ്രകാരം പ്രവർത്തി പൂർത്തീകരിക്കേണ്ട തീയതി 31.3.2019 ആയിരുന്നുവെങ്കിലും പ്രവർത്തി തുടങ്ങിയിരിക്കുന്നത് തന്നെ 14.3.2019 ന് മാത്രമാണ്. തുടർന്ന് നിശ്ചിത സമയപരിധിക്കുള്ളിൽ പ്രവർത്തി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നതിനാൽ പ്രവർത്തി സ്പിൽ ഓവറായി മാറുകയാണുണ്ടായത്. അളവ്

പുസ്തകത്തിലെ രേഖപ്പെടുത്തൽ പ്രകാരം പ്രവർത്തി പൂർത്തീകരിക്കുന്നത് 18.7.2019 ന് മാത്രമാണ്. പ്രവർത്തി പൂർത്തീകരണത്തിലെ സമയം ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നല്കിയതായി കാണുന്നില്ല. തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ 18.8.2018 ലെ എ.സി.2/223/15 സർക്കുലർ പ്രകാരം കാലതാമസത്തിലെ ആദ്യ മൂന്ന് മാസത്തിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസക്കാലയളവിനും 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. ഇപ്രകാരം താഴെ പറയുംവിധം 10639/-രൂപ കരാറുകാരനിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

ആകെ പ്രവർത്തിമൂല്യം 759890/- രൂപ.

ആദ്യ മൂന്ന് മാസത്തേക്കുള്ള പിഴ(30.6.2019 വരെ) :7599/- രൂപ.

അവശേഷിക്കുന്ന കാലയളവിലേക്കുള്ള പിഴ : 3040/- രൂപ

(18.7.2019 വരെ)

ആകെ 10639/- രൂപ

മുകളിൽപറഞ്ഞ കാര്യങ്ങൾ വ്യക്തമാക്കിക്കൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. പ്രവർത്തി പൂർത്തീകരണത്തിൽ വന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്. കരാറുകാരന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചയാലാണ് കാലതാമസം വന്നതെങ്കിൽ 10639/-രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

## <u>1-26 കൺവീനർ പ്രവർത്തിക്ക് കരാറുകാരന്റെ ലാഭവും ഓവർഹെഡ് ചാർജ്ജും നൽകി-അധികതുക തിരികെ ഈടാക്കേണ്ടതാണ്.</u>

പ്രവർത്തിയുടെ പേര് :മണിക്കിണർ അങ്കണവാടി പൂർത്തീകരണം.

പ്രൊജക്ട് നം.96/20

അടങ്കൽ തുക :49000/- രൂപ.

സാങ്കേതീകാനുമതി :49000/- രൂപ(LSGD/TS/2018-19/96235/തി.2.7.2018

കൺവീനർ :ശ്രീ.അലിയാർ കീപ്പുറത്ത്.

കരാർ ഉടമ്പടി :37/AE/LSGD/PL/18-19 തി.28.1.2019

ചെലവ് തുക :17439/- രൂപ.(ബിൽ നം൦.7/26.6.2019)

അളവ് പുസ്തകം :136/18-19

കൺവീനർ മുഖേന നടപ്പിലാക്കായിരിക്കുന്ന ഈ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് കരാറുകാരന്റെ ലാഭവിഹിതവും ഓവർഹെഡ് ചാർജ്ജുമിനത്തിൽ 15% തുക വകയിരുത്തിയാണ്. ആയതിനാൽതന്നെ കൺവീനർക്ക് നൽകിയിരിക്കുന്ന തുകയിൽ താഴെ പറയും പ്രകാരം 2618/- രൂപയുടെ അധികം വന്നിട്ടുണ്ട്.

ആകെ പ്രവൃത്തി മൂല്യം : 17439/- രൂപ.

15% തുക പരിഗണിക്കാതെ നൽകേണ്ടിയിരുന്ന തുക ;15164/- രൂപ.

അധികം നൽകിയ തുക :2275/-രൂപ.

തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ തിരിച്ചടവ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയുണ്ടായില്ല. അധികമായി നൽകിയ 2275/-രൂപ തടസ്സത്തിൽവെക്കുന്നു.

## <u>1-27 ഓഡിറ്റ് ഇംപാക്ട്</u>

പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം കയ്യെഴുത്ത് രസീത് മുഖേന പിരിച്ച 970/- രൂപ പഞ്ചായത്തിൽ അടവാക്കാത്തത് സംബന്ധിച്ച് 11-09-2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 8) വഴി 14-09-2021 ൽ 121010101058 രസീത് നമ്പർ പ്രകാരം മേൽ തുക അടവാക്കിയിട്ടുണ്ട്.

## <u>ഭാഗം -2</u>

## <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2019-20 | ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത് |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 21,300 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 21,300 | 0 |
| | | 3,28,640 | നെൽക്കൃഷി ഇൻസെന്റീവ് | 3,28,640 | 0 |
| | | 3,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| | | 50,00,000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 50,00,000 | 0 |
| **ആകെ** | | 56,49,940 | | 56,49,940 | **0** |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 50,000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 50,000 | 0 |
| | | 1,00,212 | ലൈഫ് ഭവനപദ്ധതി (എസ്.സി.പി) | 40,000 | 60,212 |
| | | 3,00,000 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 3,00,000 | |
| **ആകെ** | | 4,50,212 | | 3,90,000 | 60,212 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വനിത കൌൺസിലിംഗ് സെന്റർ വൈദ്യുതീകരണം 28/2019 | 21900955/ 7.11.2019 | 40910 | 0 | 40910 |
| | **ആകെ** | | **40910** | 0 | 40910 |
| കേരളവാട്ടർ | പൈപ്പ് | 21900953/ | 364200 | 0 | 364200 |

| | | | | | |
|---|---|---|---|---|---|
| അതോറിറ്റി | ലൈൻ നീട്ടി സ്ഥാപിക്കൽ 140/2018 | 01.11.2019 | | | |
| | ആകെ | | 364200 | 0 | 364200 |

ബാലൻസ് ഷീറ്റിൽ ക്രമീകരിക്കാത്ത മുൻകൂറിനത്തിൽ കെഎസ്ഇബി യിൽ 290910/- രൂപയും കേരള വാട്ടർ അതോറിറ്റിയിൽ 10,60,800/- രൂപയും കാണിച്ചിട്ടുണ്ട് .

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിലുള്ള വരവും വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ. (സാധ) 530/2010/ ത.സ്വ.ഭ.വ./ 18.02.2010 | 6994500 (ആകെ തുക) | 437564 | 437564 | - | 0 |
| ലൈഫ് ഭവന പദ്ധതി | | 6160000 (മുൻ ബാക്കി ഉൾപ്പെടെ) | 5720000 | 411765 | 0 | 5748235 |

## 4-6 സ്ഥിരനിക്ഷേപം

ഓഡിറ്റ് വർഷം പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഒന്നും ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം തുകകളൊന്നുമില്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ ഒന്നുമില്ല.

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

**(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക**

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 3,79,78,108 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,94,89,507 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 0.00 |

| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 441227 |
|---|---|---|

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്.)

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 74752 | ശ്രീമതി.എസ്.വി സുധാദേവി,സെക്രട്ടറി |
| 1-23 | 364200 | ശ്രീമതി.എസ്.വി സുധാദേവി,സെക്രട്ടറി |
| 1-26 | 2275 | ശ്രീ.റിഫിൻ ജോൺ, അസി.എഞ്ചിനീയർ |
| ആകെ | 441227 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ഇല്ല | |

## 4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | കുറിപ്പുകൾ |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.പി.3-273/02/2.7.99 | |
| 1998-99 | എൽ.എഫ്.ഇ.പി.3-1352/2000/ 21.5.2001 | |
| 1999-2000 | എൽ.എഫ്.ഇ.പി.3-1382/04/ 14.3.2004 | |
| 2000-01 | എൽ.എഫ്.ഇ.പി.3-942/04/17.9.04 | |
| 2001-02 | എൽ.എഫ്.ഇ.പി.3-942/04/17.9.04 | |
| 2000-01 ചെലവ് | എൽ.എഫ്.ഇ.പി.3-311/05/ 4.11.2005/ 4.1.06 | |
| 2001-02 ചെലവ് | എൽ.എഫ്.ഇ.പി.3-312/05/4.11.05/ 4.1.06 | |
| 2002-03 | എൽ.എഫ്.ഇ.പി.3-652/06/ 24.11.06/ 15.9.07 | |
| 2003-04 | എൽ.എഫ്.ഇ.പി.3-653/06/ 24.11.06/ 15.9.07 | |
| 2004-05 | എൽ.എഫ്.ഇ.പി.3-1396/07/ 24.11.06 / 15.9.07 | |
| 2005-06 | എൽ.എഫ്.ഇ.പി.3-1397/07/ 24.11.06 / 15.9.07 | |
| 2006-07 | എൽ.എഫ്.ഇ.പി.3-1398 / 07/9.3.2010/ 9.6.10 | |
| 2007-08 | എൽ.എഫ്.ഇ.പി.3-1743/08/ 16.7.09/ 5.10.09 | |
| 2008-09 | എൽ.എഫ്.ഇ.പി.3-1670/11/ 10.4.12 /1.8.12 | |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.ഇ.പി.3-1671(എ)/11/ 7.4.12/ 1.8.12 | |
| 2010-11 | എൽ.എഫ്.ഇ.പി.3-21/12/10.2.12 / 6.3.12 | |
| 2011-12 | എൽ.എഫ്.ഇ.പി.3-250/14/11.3.14/ 9.4.2014 | |
| 2012-13 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 | |
| 2013-14 | എൽ.എഫ്.ഇ.(പി.3/177/2015 തീയതി 16.02.2015 | |
| 2014-15 | കെ.എസ്.എ./ഇ.കെ.എം. (പി 3) 1077/2016 02.07.2016 | |
| 2015-16 | കെ.എസ്.എ./ഇ.കെ.എം. (പി 3) 2205/2016 23.12.2016 | |
| 2016-17 | കെ.എസ്.എ./ഇ.കെ.എം. (പി 3) 1398/2017 14.09.2017 | |
| 2017-18 | കെ.എസ്.എ./ഇ.കെ.എം. (പി 3) 160/2019 12.03.2019 | |
| 2018-19 | കെ.എസ്.എ./ഇ.കെ.എം. (പി 14) 237 /20, 12.03.20 | |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പല്ലാരിമംഗലം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്